


കണ്ണൂർ
സർവകലാശാല
മലയാള വിഭാഗം
2022 ജൂലൈ - സെപ്റ്റംബർ
വാള്യം 10 ലക്കം 3


# തുടി


U.G.C CARE Listed,
Peer-Reviewed Refereed Journal

# തുടി

റിസർച്ച് ജേണൽ

ISSN 2320 – 8880

39

2022 ജൂലായ്–സെപ്റ്റംബർ

വാല്യം 10 ലക്കം 3

U.G.C. CARE Listed Peer-Reviewed Refereed Journal

മലയാളവിഭാഗം, കണ്ണൂർ സർവ്വകലാശാല,

ഡോ.പി.കെ. രാജൻ മെമ്മോറിയൽ കാമ്പസ്, നീലേശ്വരം

കാസർകോട് ജില്ല, കേരളം – 671 314

ഇ–മെയിൽ : thudimalayalam21@gmail.com

# ഉള്ളടക്കം

ഡോ.ജിസ ജോസ് 9–24
**അകംലോകങ്ങളുടെ ആഖ്യാനങ്ങൾ**

ഡോ.രവി കെ.പി. 25–45
**സെലീന പ്രക്കാനം: ആത്മാഖ്യാനവും രാഷ്ട്രീയവ്യവഹാരവും**

ഡോ.എം.ലിനീഷ് 46–55
**മാടമ്പള്ളിയിലെ തുറക്കാത്ത മുറിയും മലയാളിയുടെ കാമനാവ്യാപാരങ്ങളും**

ഡോ.ഷീബാ ദിവാകരൻ 56–72
**തക്ഷൻകുന്ന് സ്വരൂപം: നോവലും ദേശഭാവനയും**

ഡോ.എൻ.രജനി 73–84
**എഴുത്തിന്റെ പെല്ലറ്റുകൾ**

ഡോ.നിമ്മി എ.പി. 85–98
**മൂല്യങ്ങളും സംഘർഷങ്ങളും: ആധുനിക കുടുംബത്തിന്റെ ആധുനികാനന്തര ചെറുകഥാപ്രതിനിധാനങ്ങൾ**

ഡോ.ശ്രീശൈലം ഉണ്ണികൃഷ്ണൻ 99–119
**'ഡ്രാക്കുളയുടെ നഗരം': കെ.എം.നരേന്ദ്രന്റെ കക്കാട് വായനയും എതിർ പാഠനിർമ്മിതിയും**

ഡോ.സിന്ധു കെ.വി. 120–132
**വിഷാദ ബിംബാവലികളിലെ സ്ത്രീ: പെൺപെരുമാറ്റവും സൈബർ കാവ്യലോകവും**

ഡോ.സ്റ്റാലിൻ ദാസ് പടിഞ്ഞാറെപ്പുരക്കൽ 133–147
**വ്യക്തി, കുടുംബം, സമൂഹം: ഭിന്നശേഷിവ്യവഹാരങ്ങളുടെ സാഹിത്യപാഠങ്ങൾ– ഒറ്റയടിപ്പാതകളെ മുൻനിർത്തിയുള്ള അന്വേഷണം**

ഡോ.സ്വപ്ന ആന്റണി 148–162
**ചിരസ്മരണ: കയ്യൂരിന്റെ സാഹിത്യപാഠം**

ഡോ.ആർ.ചന്ദ്രബോസ് 163–176
**സ്ഥലം, കാലം, ഓർമ; ജ്ഞാനപരികല്പനകൾ എസ്.ഹരീഷിന്റെ രചനകളിൽ**

ഡോ.പി.പി.പ്രകാശൻ 177–186
**അധ്യാപനത്തിന്റെ രാഷ്ട്രീയം**

സംഗീത എം.കെ. 187–199
**മനസ്സും കർതൃത്വവും ബെറ്റി ഫ്രീഡാന്റെ പരീക്ഷണങ്ങൾ**

ഡോ.കെ.എസ്. ഹക്കിം 200–210
**സമൂഹപഠനവും സാമൂഹ്യയാഥാർത്ഥ്യങ്ങളും: പ്രാമാണികവും രീതിശാസ്ത്രപരവുമായ തർക്കങ്ങൾക്ക് ഒരാമുഖം**

ഡോ.അശോക് ഡിക്രൂസ് 211–224
**പോർച്ചുഗീസ് ഇതിഹാസകാവ്യത്തിലെ കേരളസംസ്കാരനിർമ്മിതി**

ഡോ.സജിത കിഴിനിപ്പുറത്ത് 225–235
**സാഹിത്യവിമർശനത്തിലെ ജൈവദർശനം**

ഡോ.ലിസി മാത്യു വി. 236–249
**കാടും കാഴ്ചപ്പാടും**

മുഹമ്മദ് റാഫി എൻ.വി. 250–265
**മലയാളത്തിലെ ആദ്യ അസ്തിത്വവാദനോവലായ ശബ്ദങ്ങളുടെ രതിവർഷങ്ങൾ**

ലേഖകപരിചയം 266–268

ഡോ. കെ. എസ്. ഹക്കിം

തുടി റിസർച്ച് ജേണൽ
ISSN-2320-8880
ലക്കം- 3 വോള്യം-10

# സമൂഹപഠനവും സാമൂഹ്യയാഥാർത്ഥ്യങ്ങളും: പ്രാമാണികവും രീതിശാസ്ത്രപരവുമായ തർക്കങ്ങൾക്ക് ഒരാമുഖം

**പ്രബന്ധസംഗ്രഹം**

സമൂഹശാസ്ത്രപഠനഗവേഷണവ്യവഹാരങ്ങളിലെ രീതിശാസ്ത്രസംബന്ധമായ തർക്കങ്ങളെ സാന്ദർഭികമായി പ്രശ്നവൽക്കരിക്കാനുള്ള ശ്രമമാണ് ഈ ലേഖനത്തിൽ നടത്തുന്നത്. സമൂഹപഠനങ്ങളിൽ ഗുണാധിഷ്ഠിതദത്തങ്ങളുടെ ഒരു പശ്ചാത്തലോപാധി എന്നനിലയിൽ സാഹിത്യരചനകളും എത്നോഗ്രാഫിക് സങ്കേതങ്ങളും പ്രയോജനപ്പെടുത്തുന്നതിന്റെ നൈതികതയും സാധ്യതയും ചർച്ചചെയ്യുന്ന ലേഖനം, ദത്തശേഖരണത്തിനായി സ്വീകരിക്കുന്ന വ്യത്യസ്ത രീതിശാസ്ത്രമാതൃകകളെ സംബന്ധിച്ച സംവാദങ്ങളെ പുതിയൊരു വീക്ഷണകോണിൽ വിലയിരുത്താൻ ശ്രമിക്കുന്നു.

**താക്കോൽ വാക്കുകൾ**

ഗവേഷണം, ഗുണാധിഷ്ഠിത പ്രമാണങ്ങൾ, ഗണാധിഷ്ഠിത പ്രമാണങ്ങൾ, സാഹിത്യം, എത്തനോഗ്രഫി, സമൂഹം.

സോഷ്യോളജി വൈജ്ഞാനികശാഖയിലുള്ള പിഎച്ച്.ഡി പ്രബന്ധം തയ്യാറാക്കുന്നതിന് സാഹിത്യസൃഷ്ടികളും ജീവചരിത്രകൃതികളും ഉപാദാനമായി സ്വീകരിച്ചിട്ടുണ്ട് എന്നു പരോക്ഷമായി സൂചിപ്പിച്ചപ്പോൾ അതിനോട് പൊരുത്തപ്പെടാനാവാതെ മുഖംതിരിച്ച, ഈ വൈജ്ഞാനികമേഖലയിൽ തന്നെയുള്ള, ഒന്നിലധികം ഗവേഷകരോടും അധ്യാപകരോടുമുള്ള രീതിശാസ്ത്രപരമായ വിയോജിപ്പ് സൂചിപ്പിച്ചുകൊണ്ടാണ്

ഈ ലേഖനം ആരംഭിക്കുന്നത്. എത്നോഗ്രാഫിക് സമീപനം ഉപയോഗിച്ചുകൊണ്ടുള്ള ഗവേഷണമായതിനാൽ അവിടെ കഥകളും കെട്ടുകഥകളുമെല്ലാം ഉപയോഗിച്ച് തീസിസ് എഴുതാമല്ലോ എന്ന പരിഹാസരൂപേണ അഭിപ്രായപ്പെട്ട അധ്യാപകനോട് താങ്കൾ എത്നോഗ്രാഫിയെക്കുറിച്ച് കനപ്പെട്ട രചനകൾ ഏതെങ്കിലും വായിക്കുന്നത് നന്നായിരിക്കുമെന്ന് മാത്രം മറുപടി പറയാനെ എനിക്ക് കഴിഞ്ഞുള്ളൂ. എത്നോഗ്രാഫിക് രീതിശാസ്ത്രം നരവംശശാസ്ത്രപരമായ ഗവേഷണങ്ങളുടെ ഭാഗമായി വികസിച്ചു വന്നിട്ടുള്ളതാണ്. ഇവിടെ ദത്തശേഖരണം നിരന്തരമായ നിരീക്ഷണങ്ങളേയും ഫീൽഡ് വർക്കിനേയും അടിസ്ഥാനമാക്കിയുള്ളതാണ്. ഗവേഷണം ചെയ്യുന്ന വ്യക്തി, പഠനത്തിന് വിധേയരാകുന്ന മനുഷ്യരുടെ സാമൂഹ്യവ്യവസ്ഥിതിയിൽ അവരിലൊരാളായി ജീവിക്കാൻ ശ്രമിക്കുന്നിടത്താണ് ഇത്തരം ഗവേഷണങ്ങളുടെ ആദ്യഘട്ടം ആരംഭിക്കുന്നത്. ഇതിലൂടെ ഗവേഷണം ചെയ്യുന്ന വ്യക്തി പഠനവിധേയമാകുന്ന സമൂഹത്തിലെ ഭാഷയും സംസ്കാരവും മനസ്സിലാക്കാൻ ശ്രമിക്കുന്നു. ആളുകളുടെ ദൈനംദിന ജീവിതപ്രവർത്തനങ്ങളിൽ പരമാവധി ആത്മാർത്ഥതയോടെ പങ്കാളിയാവാൻ ശ്രമിച്ചുകൊണ്ട് തന്റെ ഗവേഷണ പ്രവർത്തനങ്ങളിലേക്ക് കടക്കുന്നു. സമൂഹത്തെക്കുറിച്ചും സാമൂഹികതയെ സംബന്ധിച്ചുമുള്ള ധാരണകൾ മനുഷ്യാനുഭവത്തിൽ നിന്നും മനസ്സിലാക്കിയെടുക്കാൻ കഴിയുമെന്ന വിശ്വാസത്തിലാണ് ഓരോ എത്നോഗ്രാഫറും പഠനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നത്.

ഇക്കഴിഞ്ഞ അറുപതുവർഷങ്ങൾക്കിടയിൽ ലോകത്തിലെ ശ്രദ്ധേയമായ പല സർവകലാശാലകളിലും ഒരുപാട് സമൂഹപഠനങ്ങൾ എത്നോഗ്രാഫിക് സങ്കേതങ്ങൾ മാത്രം ഉപയോഗിച്ച് രചിക്കപ്പെട്ടിട്ടുണ്ട്. ഈ ലേഖനത്തിന്റെ ആദ്യഭാഗങ്ങളിൽ സൂചിപ്പിച്ചത് പോലെ എത്നോഗ്രാഫിക് ഗവേഷണങ്ങൾ സമൂഹപഠനമേഖലയിലെ വസ്തുനിഷ്ഠവാദികളിൽ നിന്ന് പലതരത്തിലുള്ള വിമർശനങ്ങൾ നേരിടുന്നുണ്ട്.

അവർ എത്നോഗ്രാഫിക് മാർഗം ഉപയോഗിച്ച ശേഖരിക്കുന്ന ദത്തങ്ങളെ ആത്മനിഷ്ഠവും വ്യവസ്ഥാപിത ദത്തശേഖരണമാതൃകക ളുമായി പൊരുത്തമില്ലാത്തതുമായി വ്യാഖ്യാനിക്കുന്നു.

എത്നോഗ്രാഫിയുടെ പ്രമാണങ്ങൾ ഗണാത്മകഗവേഷണപ ദ്ധതികളിൽനിന്ന് വ്യത്യസ്തമാണ്. ഗണാത്മകഗവേഷണത്തിൽ സാംഖികമായ വിവരങ്ങളും അവയുടെ വിശകലനവും ഉൾപ്പെടുന്നതി നാൽ പഠനം കൂടുതൽ വ്യവസ്ഥാപിതമായി കാണപ്പെടുന്നു. ഗണാ ത്മകമാതൃക ഉപയോഗിച്ച് ശേഖരിക്കുന്ന വിവരങ്ങൾപോലെ എത്നോ ഗ്രാഫിക്ദത്തങ്ങൾ സംഘടിതവും ക്രമമുള്ളതും ആയിക്കൊള്ളണമെ ന്നില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരു എത്നോഗ്രാഫർ തന്റെ ഗവേഷണമണ്ഡലത്തിൽ കണ്ടുമുട്ടുന്ന ആളുകളും അവരുടെ സാമൂഹികലോകവും ക്രമപ്പെടുത്താൻ കഴിയാത്തവിധം സങ്കീർണ്ണ മാണ്. അതുകൊണ്ടുതന്നെ ഗുണാത്മകദത്തങ്ങളെ വ്യവസ്ഥാപിത മാക്കുക എന്നത് ഒരു പരിധിവരെ അപ്രായോഗികമാണ്. മനുഷ്യരെ ക്കുറിച്ചുള്ള ഒരു വിശദീകരണവും പൂർണ്ണമല്ല എന്ന് സങ്കല്പിച്ച് കൊണ്ടുതന്നെയാണ് ഒരു എത്നോഗ്രാഫർ തന്റെ പഠനങ്ങൾ ആരംഭിക്കുന്നതും. എത്നോഗ്രാഫർ താൻ പഠിക്കുന്ന മനുഷ്യരുടെ സാമൂഹികവിതാനത്തെ അവരുടെതന്നെ വീക്ഷണകോണിൽ നിന്ന് രൂപപ്പെടുത്തിയെടുക്കാനാണ് ശ്രമിക്കുന്നത്. ഇക്കാരണങ്ങളാൽ എത്നോഗ്രാഫിക് ദത്തങ്ങൾ എപ്പോഴും പരിമിതമല്ലാത്ത വ്യാഖ്യാന സാധ്യതയും സാമൂഹികയാഥാർത്ഥ്യത്തെ മനസ്സിലാക്കുന്നതിനുള്ള സൃഷ്ടിപരമായ മാനവും തുറന്നു നൽകുന്നു.

എത്നോഗ്രാഫി തയ്യാറാക്കുന്ന ഗവേഷകന്റെ പ്രാഥമിക ഉത്ത രവാദിത്തം തന്റെ ഫീൽഡ് വർക്കിനെ പരമാവധി ശ്രദ്ധയോടെയും താല്പര്യത്തോടെയും സമീപിക്കുക എന്നതാണ്. പഠനവിധേയമാകുന്ന മനുഷ്യരെയും അവരുടെ സാമൂഹിക വ്യവഹാരങ്ങളെയും കഴിയുന്നത്ര വ്യക്തതയോടെ അവിടെ ജീവിക്കുന്ന മനുഷ്യരുടെ കാഴ്ചപ്പാടിൽ

വിവരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഇടപെടലുകൾക്കാണ് പഠിതാവ് ഫീൽഡ് വർക്കിൽ ശ്രദ്ധ നൽകുന്നത്. ഇവിടെ അഭിമുഖങ്ങൾ, അനുദിനജീവിതത്തിലെ നിരീക്ഷണങ്ങൾ, മിത്തുകളുടെ വ്യാഖ്യാനം, കഥകളും ഉപകഥകളും കേൾക്കൽ തുടങ്ങിയ മാർഗങ്ങളെല്ലാം മേല്പറഞ്ഞ ലക്ഷ്യത്തെ മുൻനിർത്തിയാണ് സ്വീകരിച്ചുപോരുന്നത്. ഇതെല്ലാം സാമൂഹികയാഥാർത്ഥ്യങ്ങളെ ഓരോ സമൂഹങ്ങളിലും ജീവിക്കുന്ന മനുഷ്യരുടെ വീക്ഷണകോണിൽ മനസ്സിലാക്കുക എന്ന ആത്യന്തികമായ താൽപര്യത്തിൽ നിന്നാണ് ഉരുവം കൊള്ളുന്നത്.

പഠനവിധേയമാക്കുന്ന മനുഷ്യർക്കിടയിലുള്ള എത്നോഗ്രാഫറുടെ ദീർഘകാലതാമസം, പ്രാദേശികഭാഷയിലുള്ള പരിജ്ഞാനം, ദൈനംദിന പ്രവർത്തനങ്ങളിലെ പങ്കാളിത്തം തുടങ്ങിയവയെല്ലാം ഈ പ്രക്രിയയിൽ നിർണായകമാണ്. പഠനവിധേയമാക്കുന്ന മനുഷ്യരെയും അവരുടെ സാമൂഹികജീവിതത്തെയും അവരിലൊരാളായി ജീവിച്ചുകൊണ്ട് ദീർഘനാൾ നിരീക്ഷിക്കുന്നതിലൂടെയാണ് എത്നോഗ്രാഫി രചിക്കാനുള്ള വിവരങ്ങൾ ഗവേഷണം ചെയ്യുന്ന വ്യക്തിക്ക് ലഭ്യമാകുന്നത്. ദൈർഘ്യമുള്ളതും പ്രമാണരൂപത്തിൽ രചിക്കപ്പെടുന്നതുമായ ദത്തങ്ങളിലൂടെ സാമൂഹികവ്യവസ്ഥയുടെ പരമാവധി വിശദാംശങ്ങൾ ഉൾപ്പെടുത്താനും വ്യാഖ്യാനിക്കാനും സാധിക്കും. അങ്ങനെ അത് മൂർത്തമായ വിശകലനത്തിന് വിധേയമാകുകയും മനുഷ്യസമൂഹത്തെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കുകയും ചെയ്യും എന്നാണ് കരുതപ്പെടുന്നത്.

സാമൂഹ്യഗവേഷണത്തിൽ തികച്ചും വസ്തുനിഷ്ഠവാദാധിഷ്ഠിത (objective) പ്രമാണങ്ങൾ മാത്രമേ അവലംബിക്കേണ്ടതുള്ളൂ എന്ന കാഴ്ചപ്പാടിനോട് എപ്പോഴും യോജിക്കാനാവില്ല. സ്ഥിതിവിവരകണക്കുകളും ചോദ്യാവലികളും പ്രദാനം ചെയ്യുന്ന ഭൂരിപക്ഷാഭിപ്രായം എന്ന നിലയിൽ നിർമ്മിച്ചെടുത്ത വിശദീകരണങ്ങൾ, വസ്തുനിഷ്ഠതാമാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന വീക്ഷണകോണിൽ എല്ലാം തികഞ്ഞതായി കരു

തപ്പെടുന്ന ഗവേഷണങ്ങളും വിശദീകരണങ്ങളും അവർ പഠനവിധേയമാക്കിയ മനുഷ്യരുടെ ജീവിതയാഥാർത്ഥ്യങ്ങളോട് സംവദിക്കുന്നതിൽ എത്രമാത്രം വിജയിച്ചിട്ടുണ്ടെന്ന പുനർവിചിന്തനം തന്നെ അത്തരം സങ്കുചിതവാദങ്ങളോടുള്ള എതിർവാദമാണ്. ഒരുപാട് സങ്കീർണതകൾ നിറഞ്ഞ പല കൈവഴികളുള്ള, കെട്ടുപിണഞ്ഞുകിടക്കുന്ന സാമൂഹ്യവസ്തുതകളെ പഠിക്കാനും മനസ്സിലാക്കിയെടുക്കാനും മനുഷ്യമനസ്സുകളെ ആഴത്തിൽ വിശകലനം ചെയ്യുന്ന മറ്റു സങ്കേതങ്ങളെയും അവലംബിക്കേണ്ടി വരും.

സമൂഹത്തെ പഠിക്കാനുള്ള തന്റെ ശ്രമത്തിൽ ഒരു സമൂഹപഠിതാവിന് സാഹിത്യസൃഷ്ടികളെ എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയും എന്നുള്ളത് മേൽപ്പറഞ്ഞ വിഷയങ്ങളോട് ചേർത്തുവായിക്കേണ്ട ഒരു സമസ്യയാണ്. ഈ പ്രക്രിയയിൽ, സാമൂഹ്യശാസ്ത്രത്തിന്റെ ചരിത്രത്തിൽ സാഹിത്യരചനകൾ, പ്രത്യേകിച്ച് നോവലുകൾ, കഥകൾ, കവിതകൾ എന്നിവ എങ്ങനെയാണ് സമൂഹപഠന ശ്രമങ്ങളുടെ ഭാഗമാകുന്നത് എന്ന് തിരിച്ചറിയേണ്ടതുണ്ട്. ഒരു നോവലിലോ കഥയിലോ കവിതയിലോ പറയുന്നതെല്ലാം യാഥാർത്ഥ്യമാണ് എന്ന വാദം ഒരു എത്നോഗ്രാഫറും ഉയർത്തുന്നില്ല. അവ സാങ്കൽപ്പികമാവാം എന്ന വസ്തുതയെ മനസ്സിലാക്കിക്കൊണ്ടുതന്നെ അവയെ സമീപിച്ചാൽ മതിയാവും. എല്ലാ സാഹിത്യസ്രോതസ്സുകളും അവ നിലകൊള്ളുന്ന വ്യവസ്ഥിതിയിലെ, സമൂഹത്തിലെ ജീവിതയാഥാർത്ഥ്യങ്ങൾക്ക് ഒരു പശ്ചാത്തല വിശകലന സാധ്യത ഒരുക്കുന്നു എന്നു മാത്രമേ ഇവിടെ അർഥമാക്കുന്നുള്ളൂ. അതോടൊപ്പം തന്നെ ആഖ്യാനസ്വഭാവമുള്ള സാഹിത്യകൃതികൾ മനുഷ്യാനുഭവങ്ങളെ പ്രതിനിധീകരിക്കുന്നു. അവയിലൂടെ മനുഷ്യന്റെ ബാഹ്യവും ആന്തരികവുമായ വികാരവിചാരങ്ങളെ വിശകലനം ചെയ്യാൻ സാധിക്കും.

കാൾ മാർക്സ് ഇത്തരം വിശദീകരണത്തിന് കൃത്യമായ സൈദ്ധാന്തികന്യായീകരണം നൽകുന്നുണ്ട്. അദ്ദേഹത്തിന്റെ അടിത്തറ–

മേൽപ്പുര (Base- Super Structure) സങ്കൽപനത്തിൽ പറയുന്നത് കലയും സാഹിത്യവും ഉൾപ്പെടെയുള്ള സാമൂഹികപ്രമാണങ്ങൾ അതതുകാലത്തെ ഉല്പാദനവ്യവസ്ഥിതിയെയും തത്ഫലമായി ഉണ്ടായിവരുന്ന സാമൂഹികബന്ധങ്ങളേയും പ്രതിഫലിപ്പിക്കുന്നു എന്നു തന്നെയാണ്. കേരള സമൂഹത്തിന്റെ ഇന്നലെകളെക്കുറിച്ച് പരാമാർശങ്ങളുള്ള ഗവേഷണത്തിൽ ഇന്നാട്ടിലെ ജാതി-ജന്മി-നാട്ടുവാഴിത്ത കാലത്തെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ പശ്ചാത്തലം കൂട്ടുതൽ അർഥവത്തായി മനസ്സിലാക്കുന്നതിനും വിശദീകരിക്കുന്നതിനും അക്കാലത്തെ അടയാളപ്പെടുത്തുന്ന സാഹിത്യകൃതികൾ ദത്തവിശദീകരണത്തിന് ഉപയോഗിച്ചതിൽ യാതൊരു നൈതികതാഭംഗവും ഈ ഗവേഷകന് അനുഭവപ്പെട്ടിട്ടില്ല. സാഹിത്യപഠനത്തിൽ എഴുത്തുകാരനെ/എഴുത്തുകാരിയെ കേന്ദ്രീകരിച്ചുമാത്രമുള്ള വിശകലനങ്ങൾ എല്ലായ്പ്പോഴും പര്യാപ്തമാവണമെന്നില്ല. രൂപം, സൗന്ദര്യം തുടങ്ങിയ സങ്കൽപനങ്ങളെ സാഹിത്യവിശകലനത്തിൽ പ്രശ്നവൽക്കരിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ ആശാനെയോ തകഴിയെയോ എം.ടി.യെയോ വൈയക്തികമായി മാറ്റിനിർത്തി അവർ സ്വന്തം സൃഷ്ടികളിലൂടെ വരച്ചിടുന്ന മനുഷ്യരുടെ പെരുമാറ്റരീതികളെക്കുറിച്ചും വ്യത്യസ്ത കാലഘട്ടങ്ങളിലെ സാമൂഹിക വ്യവഹാരങ്ങളെക്കുറിച്ചും വിശകലനം ചെയ്യുന്നതിൽ തെറ്റ് കണ്ടെത്താനാവില്ല. സാഹിത്യകൃതികളിൽ നിന്ന് യുക്തിസഹമായി വിവരങ്ങൾ പ്രയോജനപ്പെടുത്താതിരിക്കു മ്പോൾ സാമൂഹികചരിത്രത്തെക്കുറിച്ച് ധാരണകൾ രൂപപ്പെടുത്തുന്നതിനു തകുന്ന ഒരു ഉറവിടത്തെയാണ് നമ്മൾ മാറ്റി നിർത്തുന്നത്.

1990-കൾക്ക് മുൻപ് സോവിയറ്റ് യൂണിയനിലും ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും മേല്പറഞ്ഞ സാധ്യതകൾ വ്യാപകമായി ഉപയോഗിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സമൂഹങ്ങളിൽ കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കർഷകർ, വ്യവസായത്തൊഴിലാളികൾ,

സ്ത്രീകൾ, മറ്റു അവാന്തരവിഭാഗങ്ങൾ തുടങ്ങി നിരവധി ജനവിഭാഗങ്ങളിൽ നിന്നും എത്നോഗ്രാഫിക് സങ്കേതം ഉപയോഗിച്ചുകൊണ്ടും, ഓർമ്മക്കുറിപ്പുകൾ, ഇന്നലെകളെ അടയാളപ്പെടുത്തുന്ന സാഹിത്യശകലങ്ങൾ എന്നിവകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും അനേകം സാമൂഹ്യപഠനങ്ങൾ തയ്യാറാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഭാഷാപരമായ തടസ്സം കാരണം ഈ കൃതികൾ ഒന്നും തന്നെ അതതു സമൂഹങ്ങൾക്ക് പുറത്ത് ലഭ്യമാക്കാൻ കഴിയാതെ പോയി.

മനുഷ്യരുടെ ഗതകാലാനുഭവങ്ങളും അതിന്റെ നൈരന്തര്യവും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധത്തിന്റെ ആഴത്തിലുള്ള വിശകലനത്തിനും മറ്റും ഇന്നലകളെ അടയാളപ്പെടുത്തുന്ന സാഹിത്യസൃഷ്ടികൾക്ക് വലിയ പങ്കുവഹിക്കാൻ കഴിയും. ചോദ്യാവലികളിലൂടെയും സർവേമാർഗത്തിലൂടെയും മറ്റും ശേഖരിക്കുന്ന സാംഖികവിവരങ്ങളേക്കാൾ മനുഷ്യന്റെ മാനസികവ്യവഹാരങ്ങളും ദൈനംദിന ജീവിതസാഹചര്യങ്ങളും വിശദീകരിക്കുന്നതിനും സാമൂഹികബന്ധങ്ങളുടെ കാതൽ മനസ്സിലാക്കുന്നതിനും സാഹിത്യസൃഷ്ടികൾ സഹായകമാണ്.

സാമൂഹ്യശാസ്ത്രപരമായ അന്വേഷണങ്ങളെ സാഹിത്യവുമായി ബന്ധിപ്പിക്കുന്നതിലൂടെ ഉയർന്നുവരുന്ന ഒരു പ്രധാന പ്രശ്നം വസ്തുനിഷ്ഠത ആത്മനിഷ്ഠത എന്നീ പ്രമാണങ്ങൾ തമ്മിലുള്ള രീതിശാസ്ത്രസംബന്ധമായ തർക്കമാണ്. ഒരു സാഹിത്യസൃഷ്ടിയെ തികച്ചും വ്യക്തിപരമായ വ്യവഹാരമായി സങ്കൽപ്പിക്കുന്നിടത്താണ് മേല്പറഞ്ഞ പ്രശ്നം ഉരുവം കൊള്ളുന്നത്. എല്ലാ സാഹിത്യകൃതികളും ഉണ്ടായിവരുന്നതിന് കൂട്ടായതും സാമൂഹികവും ചരിത്രപരവുമായ ഒരു തലമുണ്ടെന്ന വസ്തുത മനസ്സിലാക്കാൻ കഴിയാതെ വരുന്നതുകൊണ്ടാണ് അവയെ ഒരു എഴുത്തുകാരന്റെ കേവല ഭാവനാവിലാസമായി ചുരുക്കിക്കാണുന്നത്.

എന്നിരുന്നാലും, എത്നോഗ്രാഫിക് ഗവേഷണരീതികൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാവുകയും, സൈദ്ധാന്തിക ദിശാബോധം, ഗവേഷണ തന്ത്രം, സാമൂഹികനില, വ്യക്തിഗത പശ്ചാത്തലം,

ഗവേഷകന്റെ വ്യക്തിത്വം എന്നിവയിൽ അന്തർലീനമായ പക്ഷപാതിത്വങ്ങൾ തുടങ്ങിയ കാര്യങ്ങൾ മുൻനിർത്തി വ്യാപകമായ വിമർശനങ്ങൾ നേരിടുകയുണ്ടായി. വസ്തുനിഷ്ഠതാവാദികൾ നിരന്തരമായി ഉയർത്തുന്ന ഈ ചോദ്യങ്ങൾക്ക് ഗുണാധിഷ്ഠിത ഗവേഷണം പ്രത്യേകിച്ച് എത്നോഗ്രാഫിക് പഠനങ്ങൾ ഒരിക്കലും വസ്തുനിഷ്ഠതാമാനദണ്ഡങ്ങൾക്ക് അനുപൂരകമായി തയ്യാറാക്കപ്പെടുന്നതല്ല എന്ന മറുപടിതന്നെയാണ് നരവംശശാസ്ത്രജ്ഞരും സമൂഹശാസ്ത്രകാരന്മാരും നൽകുന്നത്. മനുഷ്യനെയും സമൂഹത്തെയും അവരുടെ സംസ്കാര സംബന്ധമായവ്യവഹാരങ്ങളെയുംമനസ്സിലാക്കാനാണ്എത്നോഗ്രാഫി ലക്ഷ്യമിടുന്നത്. മനുഷ്യസമൂഹവും സംസ്കാരവും വസ്തുക്കളല്ല. ഇവയെക്കുറിച്ചുള്ള നമ്മുടെ എല്ലാത്തരം വീക്ഷണങ്ങളും ചരിത്രപരമായി നിർമ്മിക്കപ്പെട്ടതും സജീവമായി തർക്കിക്കപ്പെടുന്നതുമാണ്. അവ പുനരാഖ്യാനങ്ങൾക്കും പുനർവ്യാഖ്യാനങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. അതുകൊണ്ടുതന്നെ ഇതെല്ലാം വസ്തുനിഷ്ഠമായി വിലയിരുത്തി മനുഷ്യരുടെ സാമൂഹ്യജീവിതസംബന്ധിയായ ദത്തങ്ങളുടെ ഏകീകൃത വിവരാവലി നിർമിച്ചതുകൊണ്ട് അവ സാമൂഹികയാഥാർത്ഥ്യങ്ങളോട് സംവദിക്കുമെന്നതിന് യാതൊരുറപ്പും കൽപ്പിക്കാനാവില്ല.

ഗുണാധിഷ്ഠിത- ഗണാധിഷ്ഠിത രീതിശാസ്ത്ര സംവാദത്തിൽ ഇവയിൽ ഒന്ന് മറ്റൊന്നിനെക്കാൾ മികച്ചതാണെന്നോ ഗണാധിഷ്ഠിത പ്രമാണങ്ങൾക്ക് സമൂഹപഠനത്തിൽ യാതൊരു പ്രാധാന്യവുമില്ലെന്നോ ഇവിടെ അർഥമാക്കുന്നില്ല. തീർച്ചയായും അധികാരത്തിന്റെയും മേധാവിത്തത്തിന്റേയും പ്രശ്നം മേൽപ്പറഞ്ഞ രണ്ടു ഗവേഷണരീതിശാസ്ത്രമാതൃകകളുടെയും ആവിർഭാവവുമായി ബന്ധപ്പെട്ട കാലഘട്ടങ്ങളിൽ ഉൾച്ചേർന്നിട്ടുണ്ടെന്ന വസ്തുത കാണാതെ പോകേണ്ടതില്ല. കൊളോണിയൽ ശേഖരങ്ങൾ അറിവിന്റെ നിർമ്മിതിയിൽ അവലംബമായി സ്വീകരിച്ചിട്ടുള്ള സെൻസസ് രേഖകൾ,

സ്ഥിതിവിവരകണക്കുകൾ തുടങ്ങിയവയെല്ലാം പക്ഷപാതരഹിതമാണെന്ന് കരുതാൻ നിർവാഹമില്ലല്ലോ. അതുപോലെത്തന്നെ എത്നോഗ്രഫി പോലെയുള്ള ഗുണാധിഷ്ഠിത ഗവേഷണമാതൃകകളിലും അതിന്റെ തുടക്കകാലങ്ങളിൽ പ്രത്യേകിച്ച് പഠനം നടത്തുന്ന വെളുത്ത വർഗക്കാരുടെ കാഴ്ച്ചപ്പാടിലുള്ള സാമൂഹികവീക്ഷണമാണ് പഠനവിധേയമാക്കപ്പെടുന്ന ആദിവാസിവിഭാഗങ്ങളുടെയും മറ്റ് അവാന്തര സമൂഹങ്ങളുടെയും ജീവിതരീതിയായും സാമൂഹികക്രമമായും അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് എന്ന വിമർശനവും എടുത്തുപറയേണ്ടതായിട്ടുണ്ട് (Asad 1973). സ്വന്തം സംസ്കാരങ്ങളിൽ നിന്ന് വ്യത്യസ്തമായ പ്രാകൃതമോ ഗോത്രവർഗസ്വഭാവമോ ഉള്ള മറ്റ് സംസ്കാരങ്ങൾ പഠിക്കാനുള്ള താൽപ്പര്യങ്ങളിൽ നിന്നാണ് പാശ്ചാത്യരാജ്യങ്ങളിൽ എത്നോഗ്രഫി ഉയർന്നുവന്നത്. സമൂഹപഠനത്തിന്റെ ചരിത്രം പഠനവിധേയമാക്കുമ്പോൾ പാശ്ചാത്യേതരസമൂഹങ്ങളുടെ മുകളിൽ പടിഞ്ഞാറിന്റെ ആധിപത്യം സ്ഥാപിക്കുന്നതിൽ മേൽപ്പറഞ്ഞ രണ്ടു രീതിശാസ്ത്രപ്രമാണങ്ങളും കൃത്യമായ പങ്ക് വഹിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ കൊളോണിയൽകാലഘട്ടത്തിലെ പഠനങ്ങളിൽ ഇത്തരത്തിലുള്ള പക്ഷപാതിത്വവും പോരായ്മകളും കാണാൻ കഴിയും. എന്നാൽ അധിനിവേശാനന്തര ഘട്ടത്തിൽ തദ്ദേശീയർ മേൽപ്പറഞ്ഞ രീതിശാസ്ത്രങ്ങളും പ്രമാണങ്ങളുമെല്ലാം സ്വയംവിമർശനാത്മകമായി ഉപയോഗിക്കാൻ തുടങ്ങിയപ്പോഴാണ് ഇവയെല്ലാം കൂടുതൽ ജനാധിപത്യ രീതിയിലേക്ക് മാറിത്തുടങ്ങിയത്. ഇത് സമൂഹപഠനങ്ങൾക്ക് പുതിയ സാധ്യതകൾ തുറന്നു നൽകുകയും ഉചിതമായ മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്തു. ഈ പശ്ചാത്തലം പരിഗണിക്കാതെയാണ് ഇന്ത്യയിലെ പല സർവകലാശാലകളിലും ഗുണാധിഷ്ഠിത- ഗണാധിഷ്ഠിത രീതിശാസ്ത്രങ്ങളെ സംബന്ധിച്ച സംവാദങ്ങൾ കേവലാർത്ഥത്തിലുള്ള തർക്കങ്ങൾ മാത്രമായി അവതരിപ്പിക്കപ്പെടുന്നത്.

തീർച്ചയായും, ഒരു സമൂഹത്തിന്റെ ഭൗതികസാഹചര്യങ്ങളും സാമൂഹ്യപുരോഗതിയും വികസനസൂചികയും സംബന്ധിക്കുന്ന ഗവേഷണങ്ങളിലും, സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും മറ്റും ഗണാധിഷ്ഠിതപ്രമാണങ്ങൾ അത്യന്താപേക്ഷികമാണ്. എന്നാൽ സമൂഹപഠനമേഖലയിലുള്ള എല്ലാ ഗവേഷണങ്ങളും ഇത്തരം കാര്യങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നവയല്ല. മനുഷ്യരുടെ മാനസികവും വൈകാരികവും വൈയക്തികവുമായ കാര്യങ്ങളെ സമൂഹപഠനവീക്ഷണകോണിൽ മനസ്സിലാക്കാനും പഠിക്കാനും താല്പര്യപ്പെട്ട് ഗവേഷണം ചെയ്യുന്ന ഗവേഷകരെയും അവരുടെ കണ്ടെത്തലുകളെയും സ്ഥിതിവിവരകണക്കുകൾ പ്രദാനം ചെയ്യുന്ന 'വസ്തുനിഷ്ഠതാമാനദണ്ഡങ്ങളുടെ' പിൻബലത്തിൽ റദ്ദുചെയ്യാനുള്ള താല്പര്യങ്ങളോട് വിയോജിക്കുന്നു എന്നുമാത്രമേ ഇവിടെ സൂചിപ്പിക്കുന്നുള്ളൂ. ഒരു സാമൂഹ്യവ്യവസ്ഥിതിയിൽ ജീവിക്കുന്ന മനുഷ്യരുടെ ജീവിതവുമായി ബന്ധപ്പെട്ട ഗുണപരമായ സ്വഭാവവിശേഷങ്ങളും പ്രത്യേകതകളും മനസ്സിലാക്കാനാണ് നാം ഗുണാധിഷ്ഠിതപ്രമാണങ്ങൾ ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ ഈ രീതിശാസ്ത്രം ഉപയോഗിച്ചു ശേഖരിക്കുന്ന വിവരങ്ങളെ സാമാന്യവൽക്കരിച്ച് വിശദീകരിക്കണമെന്ന് ശഠിക്കുന്നതിൽ യാതൊരു ഔചിത്യവും കാണാൻ കഴിയുന്നില്ല.

## Bibliography

Asad, T. 1973. *Anthropology and the Colonial Encounter*.London: Ithaca Press.

Bakhtin, M.M. 1981. *The Dialogic Imagination*.Austin: University of Texas Press.

Bourdieu, P. 1991. *Language and Symbolic Power*. Oxford: Polity Press.

Geertz, C. 1973. *The Interpretation of Cultures.* New York: Basic Press.

Geertz, C. 1995. *After the Fact: Two Countries, Four Decades, One Anthropologist.* Cambridge, MA: Harvard University Press.

Hammersley, M. 1992. *What's Wrong with Ethnography?.* London: Routledge.

Jacobson, D. 1991. *Reading Ethnography.* Albany: State University of New York Press.

Latour, B., &Woolgar, S. 1986. *Laboratory Life: The Construction of Scientific Facts.* Princeton, NJ: Princeton University Press.

Shuman, A. 1986. *Storytelling Rights: The Uses of Oral and Written Texts by Urban Adolescents.* Cambridge UK: Cambridge University Press.

Tannen, D. 1989. *Talking Voices.* Cambridge, UK: Cambridge University Press.

Todorov, T. 1988. *Knowledge in Social Anthropology: Distancing and Universality.* Anthropology Today, 4(2), 2–5.

Watt, I. 2001. *The Rise of the Novel.* Berkeley: University of California Press. (Original work published in 1957)

Wolcott, H.F. 1999. *Ethnography: A Way of Seeing.* Walnut Creek,CA: Altamira.